**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 773** **10-06-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളുടെ കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പല സ്ഥലത്തും പൊതുമരാമത്ത് റോഡുകൾക്കിരുവശവും സാധന സാമഗ്രികൾ കൂട്ടിയിട്ടിട്ടുള്ളതിനാൽ ഗതാഗതത്തിന് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റോഡിനിരുവശവും സാധന സാമഗ്രികൾ കൂട്ടിയിട്ടിട്ടുള്ളതിനാൽ ചില റോഡുകളിൽ ഗതാഗതത്തിനു ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം സാധന സാമഗ്രികൾ നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | എല്ലാ റോഡുകളും ചുമതലയുള്ള എഞ്ചിനീയർമാർ പതിവായി പരിശോധിക്കാറുള്ളതും ഗതാഗതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന വസ്തുക്കൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ നീക്കം ചെയ്യുന്നതിന് നടപടി എടുക്കാറുള്ളതുമാണ്. ഇവ നീക്കം ചെയ്യുന്നതിന് നോട്ടീസ് നൽകുകയും ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (സി) | നോട്ടീസ് നൽകിയിട്ടും ഇത്തരത്തിൽ വീണ്ടും സാധന സാമഗ്രികൾ കൊണ്ടിടുന്നവർക്ക് എതിരെ പിഴ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ; | (സി) | ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. |
| (ഡി) | പൊതുമരാമത്ത് റോഡുകളുടെ കയ്യേറ്റം ചെറുക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ? | (ഡി) | കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് നോട്ടീസ് നൽകുകയും ആയത് ഒഴിപ്പിക്കുന്നതിന് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് നിഷ്കർഷിക്കുന്ന പ്രകാരമുള്ള നടപടികൾ ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ